# ഇനി പഴങ്ങൾ വേണ്ട!



ഒരിക്കൽ ഒരു കുട്ടിക്കുരങ്ങൻ നിറയെ തണ്ണിമത്തൻ വിളഞ്ഞു നിൽക്കുന്ന പാടത്ത് കറങ്ങി നടക്കുകയായിരുന്നു. മുഴുത്ത് ഉരുണ്ട തണ്ണിമത്തങ്ങകൾ കണ്ടപ്പോ കുട്ടിക്കുരങ്ങന് പെരുത്ത് സന്തോഷമായി. അവൻ മുഴുത്തൊരു തണ്ണിമത്തൻ കൈകൊണ്ടു പിടിച്ച് പതുക്കെ ഒരൊറ്റ കടി കൊടുത്തു

"അയ്യേ!" കുട്ടിക്കുരങ്ങൻ വിളിച്ചു പറഞ്ഞു, “ഇതിന് വല്ലാത്ത കയ്പ്പാണേ!"

കുരങ്ങൻ ചെയ്യുന്നതൊക്കെ കണ്ടുകൊണ്ടിരുന്ന ഒരു ആട് പറഞ്ഞു ."അതേയ്, കുട്ടിക്കുരങ്ങാ, നീ തണ്ണിമത്തന്റെ പുറം തൊലിയിലാ കടിച്ചത്, അതിന്റെ മൃദുവായ ഉൾഭാഗമാണ് കഴിക്കേണ്ടത്, അതിന് നല്ല മധുരമാ"

കുട്ടിക്കുരങ്ങൻ കടിച്ചു കൊണ്ടിരുന്ന പുറം തൊലി തുപ്പി. എന്നിട്ട് ആട്ടിൻ കുട്ടിയോട് ഗമയിൽ പറഞ്ഞു: "ഓ! അത് പിന്നെ നീ പറയാതെ തന്നെ എനിക്കറിഞ്ഞൂടെ!" എന്നിട്ട് പൊട്ടിച്ചിരിച്ചു.



കുട്ടിക്കുരങ്ങൻ കുറച്ചു നേരം കൂടി അവിടെയൊക്കെ ചുറ്റി നടന്നു. പെട്ടെന്ന് കാറ്റിൽ ഒരു മധുരഗന്ധം പരന്നു. നോക്കുമ്പോൾ തൊട്ടടുത്ത് അതാ ഒരു കൊച്ചു തയ്ക്കുമ്പളത്തോട്ടം! കുരങ്ങൻ ഒരു തയ്ക്കുമ്പളം പൊട്ടിച്ച് അതിന്റെ ഉൾക്കാമ്പ് രുചിച്ചു നോക്കി

"അയ്യേ!" അത് വിളിച്ചു പറഞ്ഞു. "ഈ പഴത്തിൽ നിറച്ചും കുഞ്ഞു കുഞ്ഞു വിത്തുകളാ! ഒരു സ്വാദുമില്ല."

എല്ലാം നോക്കി നിന്നിരുന്ന കഴുത പറഞ്ഞു . "നിർത്ത് നിർത്ത് കുട്ടിക്കുരങ്ങാ! തയ്ക്കൂമ്പളത്തിന്റെ ഉൾഭാഗം നിറയെ ചെറിയ വിത്തുകളാണ്! അതിന്റെ തൊലിയ്ക്കടുത്തുള്ള മൃദുവായ ഭാഗമാണ് തിന്നേണ്ടത്. ഒന്നു പരീക്ഷിച്ചുനോക്കൂ."

കുട്ടിക്കുരങ്ങൻ വായിൽ കുടുങ്ങിയ തയ്ക്കൂമ്പള വിത്തുകൾ തുപ്പിക്കളഞ്ഞു കൊണ്ട് കഴുതയോട് വലിയ ഗമയിൽ പറഞ്ഞു: "ഓ! പിന്നേ! അതൊക്കെ നീ പറയാതെ തന്നെ എനിക്കറിയാമായിരുന്നു!"





കുട്ടിക്കുരങ്ങൻ പിന്നെയും അലഞ്ഞലഞ്ഞു നടന്നു. അതിന് നല്ല വിശപ്പുണ്ടായിരുന്നു! ഇത്തവണ അത് ചെന്നു കയറിയ വഴിയിൽ നിറയെ പഴങ്ങൾ വീണുകിടക്കുന്നുണ്ടായിരുന്നു. കുരങ്ങൻ മുകളിലേക്ക് നോക്കി. അവൻ എത്തിപ്പെട്ടിരിക്കുന്നത് ഒരു ബദാം മരത്തിന്റെ ചുവട്ടിലായിരുന്നു!

"നല്ല മൃദുവായ ചെറിയ പഴങ്ങളാണല്ലോ!" കുരങ്ങൻ സ്വയം പറഞ്ഞു, "കഴിക്കാൻ നല്ല സ്വാദുണ്ടാവും!" അത് മരത്തിലേക്ക് ചാടി ഒരു ബദാം പറിച്ചു.

എല്ലാം കണ്ടുകൊണ്ടിരുന്ന നീലക്കുയിൽ നീട്ടി ഒരു വിസിലടിച്ചു എന്നിട്ട് കുട്ടിക്കുരങ്ങനോട് പറഞ്ഞു: "അതേയ് ആ പഴത്തിന്റെ മൃദുവായ പുറംഭാഗം കണ്ട് തെറ്റിദ്ധരിക്കണ്ട!" അത് വിസിലടിച്ചു കൊണ്ട് പറഞ്ഞു "അകത്തുള്ള വിത്തിന്റെ കട്ടിയുള്ള തോട് പൊട്ടിച്ച് പരിപ്പ് തിന്നൂ. അതിനെന്തോരു സ്വാദാണെന്നൊ."

എന്നാൽ കുട്ടിക്കുരങ്ങനുണ്ടോ അതൊക്കെ കേൾക്കുന്നു? നീലക്കുരുവി പറഞ്ഞതൊക്കെ അവഗണിച്ച് അത് ബദാമിൽ ശക്തമായി കടിച്ചു. എന്നിട്ട് ഉറക്കെ കരയാനും തുടങ്ങി "എന്റെ പല്ല് പൊട്ടിയേ!" വേദന സഹിക്കാനാവാതെ കുട്ടിക്കുരങ്ങൻ വട്ടം കറങ്ങി നിലത്ത് വീണു.



കുട്ടിക്കുരങ്ങൻ എണീറ്റ് താടിയെല്ല് മുറുക്കെ പിടിച്ച് കുറേ വട്ടം ചുറ്റി. പെട്ടെന്ന് അവന്റെ മുഖം വിളഞ്ഞ പിയർ പഴങ്ങൾ തൂങ്ങിക്കിടക്കുന്ന ഒരു പിയർ മരക്കൊമ്പിൽ തട്ടി .

കുരങ്ങൻ ഒരു പിയർ പറിച്ചെടുത്ത് മരത്തിന്റെ തടിയിൽ ഇടിച്ചു. എന്നിട്ട് അതിനകത്തെ കടുപ്പമുള്ള കറുത്ത വിത്തുകൾ വായിൽ വച്ചു ചവച്ചു

"അയ്യോ അയ്യോ യ്യോ!" അത് കരഞ്ഞുകൊണ്ട് വിത്തുകൾ തുപ്പിക്കളഞ്ഞു.

അപ്പോൾ നേരത്തേ കണ്ട നീലക്കുരുവി പറന്നുവന്ന് ചോദിച്ചു," അല്ലാ കുട്ടിക്കുരങ്ങാ പിയർ പഴത്തിനു നല്ല സ്വാദുണ്ടോ?"

കുട്ടികുരങ്ങൻ പകുതി കശക്കി പൊട്ടിച്ച ഒരു പിയർപഴം നീലക്കുരുവിയുടെ നേർക്ക് എറിഞ്ഞിട്ട് പറഞ്ഞു.“ മതി മതിയേ! എനിക്കിനി ഒരു പഴവും തിന്നേണ്ട!"

**ഒരു ചൈനീസ് കഥ**



**© Katha Jharna 2008**

P. Saraswati V. Vijayakanthi

L. S. Saraswathi S. Rajalakshmi


**Publisher** Rajalakshmi Srinivasan Memorial Foundation

**Malayalam** K. K. Krishnakumar

**Artist** Uma Krishnaswamy

12


# ആരാണ് ? ആരാണ്?



ആകാശത്തെമ്പാടും വെട്ടം പരത്തും ഞാൻ
കൺകളിലൊക്കെയും കൌതുകം നിറക്കും ഞാൻ

ഞാൻ കരഞ്ഞു വീഴുമ്പോൾ
ഭൂമി പൊട്ടിച്ചിരിക്കുന്നു

ആരും പണിയാത്ത ജാലിയിലമ്പമ്പോ
എണ്ണിയാൽ തീരാത്ത മുല്ലപ്പൂക്കൾ



ചിലനേരം പപ്പടവട്ടത്തിൽ
മിക്കപ്പോഴും വെളുവെളുക്കെ
പകൽനേരം പമ്മി മങ്ങി
രാത്രിയിലോ വെള്ളിപോലെ
വെട്ടിത്തിളങ്ങി!

വായുവിൽ ഉയരും, നിശ്ശബ്ദം
ഉയർന്നുയർന്നു നീന്തിടും
പഞ്ഞി പോൽ വെളുത്ത ഞാൻ
ചിലനേരങ്ങളിൽ ഇരുണ്ടു കനക്കും
ഇരമ്പിടും , മുരണ്ടിടും ,
പിന്നെ താഴേയ്ക്കുരുണ്ടിടും!




വർണ്ണാഭമാമീ വളഞ്ഞ വില്ല്
എത്തിപ്പിടിക്കാനാവാതെ ദൂരെ!

ജീവികൾക്ക് ശ്വസിക്കുവാൻ വായു വേണം –എനിക്കും വേണം !
ജീവികൾക്ക് കഴിക്കുവാൻ ഭക്ഷണം വേണം- എനിക്കും വേണം !
ജീവികൾക്ക് കുടിക്കുവാൻ വെള്ളവും വേണം- എനിക്കു വേണ്ട!
എനിക്കെങ്ങാൻ വെള്ളം തന്നാൽ, പിന്നെ ഞാനില്ലേ !

തലയ്ക്കു മുകളിലുണ്ടൊരു
പടു കൂറ്റൻ മേൽക്കൂര
അടുത്തു ചെല്ലുമ്പോൾ
അകലുന്ന മേൽക്കൂര

അവനില്ലാതെ മഴയില്ല
അവനില്ലാതെ വിളയില്ല
അവനില്ലാതെ ഭൂവില്ല
അവനില്ലാതെ നമ്മളുടെ
ഉറക്കത്തിനൊടുക്കമില്ല





ഉരുളുന്നു ഓടുന്നു
ചാടിക്കളിക്കുന്നു
ഒരു ദ്വാരം കാണുമ്പോൾ
കുതി കുതിക്കുന്നു!

കാലുകളില്ലാതലയും ഞാൻ
കൈയ്യുകളില്ലാതെ സ്പർശിക്കും
ഉടലില്ലാതെ കളിച്ചീടും
ആരും കാണാതകത്തു കേറും
പിന്നെയകന്നു മറഞ്ഞിടും

ഓ! ഇത് ഈ പാവപ്പെട്ടവന്റെ കിടക്ക:
രാവിലെ ആരും അത് ചുരുട്ടി വയ്ക്കില്ല !

എപ്പോഴും ചലനത്തിലാ ഞാൻ, വിശ്രമമില്ലാ ചലനം
എന്റെ പെരുവയറ്റിൽ കോടാനുകോടി ജീവിതങ്ങൾ!
ഭാരമുള്ള എന്തും ഞാൻ വിഴുങ്ങുന്നു
മരം പോലുള്ള ചിലത് മാത്രം, ഞാൻ ഉപേക്ഷിക്കുന്നു

അഗ്നി, ഭൂമി, കാറ്റ്, വെള്ളം,
ആകാശം, സൂര്യൻ, സമുദ്രം,
ചന്ദ്രൻ, നക്ഷത്രങ്ങൾ, മഴ, മേഘം,
മഴവില്ല്, മിന്നൽ



ഇറുകിക്കിടക്കുമുടുപ്പുപോലെ
പൊതിയും ഞാൻ നിങ്ങളെ മുഴുവനായി
വേനൽ കടുക്കുമ്പോൾ ഞാൻ വിയർക്കും
അതി ശൈത്യമാവുമ്പോൾ ഞാൻ വിറയ്ക്കും

ഒരു നീണ്ട വരമ്പ്
ഇരുവശത്തും ചെരിവ്
മണക്കലാണ് ജോലി!

അവർ അയൽക്കാർ
ഇരട്ടകൾ
ഒന്നിച്ചെന്നും ജോലി ചെയ്യും, പക്ഷേ,
തമ്മിലൊരിക്കലും കണ്ടിടാത്തോർ

എല്ലാമെല്ലാം കേൾക്കും ഞാൻ
കേട്ടതു പക്ഷേ മിണ്ടൂലാ

എല്ലാവരെയും ഞാൻ സ്വാഗതം ചെയ്യുന്നു
നനവാർന്ന സൗഹൃദത്തോടെ
ഞാൻ ഇവിടെ എന്റെ വായുസഞ്ചാരമുള്ള മുറിയിൽ
താമസിക്കുന്നു, എല്ലാമെല്ലാം രുചിക്കും ഞാൻ
എന്തു പറയാനും ഞാൻ വേണം !!

നാവ്, മൂക്ക്, കണ്ണുകൾ, ചെവികൾ, ചർമ്മം



**Publisher** Rajalakshmi Srinivasan Memorial Foundation

P. Saraswati V. Vijayakanthi
L. S. Saraswathi S. Rajalakshmi

**Malayalam** K. K. Krishnakumar
**Artist** Uma Krishnaswamy

# എലികളുടെ മാർച്ച്



ഒരിക്കൽ ബുദ്ധിമാനായ ഒരു പൂച്ച എലികളെ എളുപ്പത്തിൽ പിടി കൂടാൻ ഒരു പദ്ധതി തയ്യാറാക്കി.

എലി ഒരു യോഗം വിളിച്ച് എലികളോട് പറഞ്ഞു, "സുഹൃത്തുക്കളേ! വർഷങ്ങളായി ഞാൻ നിങ്ങളെ വേട്ടയാടുകയും പിന്തുടരുകയും ചെയ്തു, നിങ്ങൾക്ക് ഒരിക്കലും സമാധാനം നൽകിയില്ല. നമുക്ക് ഈ ശത്രുത അവസാനിപ്പിക്കാം. ഒരു സന്ധിയിൽ ഏർപ്പെടാം. എന്നിട്ട് ഒത്തൊരുമിച്ച് ഐക്യത്തോടെ ജീവിക്കാൻ ശ്രമിക്കാം?" പൂച്ചയുടെ വാക്കുകൾ കെട്ട് എലികൾ അത്ഭുതപ്പെട്ടു.

പൂച്ച പറഞ്ഞു: “നിങ്ങൾ ഒരൊറ്റകാര്യം ചെയ്താൽ മതി. എല്ലാ ദിവസവും രാവിലെയും വൈകുന്നേരവും നിങ്ങളോടുള്ള എന്റെ അനുകമ്പയ്ക്കു നന്ദി പ്രകടിപ്പിച്ചു കൊണ്ട് , നിങ്ങളെല്ലാവരും എന്റെ മുമ്പിലൂടെ മാർച്ച് ചെയ്യണം. സിമ്പിൾ, എല്ലാവരും ഒറ്റവരിയായി തല കുമ്പിട്ട് എന്റെ മുന്നിലൂടെ പോകണം. അത്രമാത്രം!"

എല്ലാ എലികളും ആഹ്ലാദിച്ചു. ഇനി ഭീഷണിയൊന്നുമില്ലല്ലോ. ദിവസവും മാർച്ച് ചെയ്താൽ പോരേ.. അവർക്ക് ഒരു സംശയവും തോന്നിയില്ല !

പൂച്ചയുടെ പദ്ധതി എന്താണെന്ന് നിങ്ങൾക്ക് പിടികിട്ടിയോ ? പൂച്ച ഒരു സിംഹാസനത്തിൽ ഇരിക്കും, എലികൾ ഒന്നൊന്നായി അതിന് മുന്നിലൂടെ വണങ്ങി കടന്നുപോകും. എന്നാൽ നിരയിലെ അവസാന എലിയുണ്ടല്ലോ അത് പൂച്ചക്ക് ഭക്ഷണമാവും! എങ്ങിനെയുണ്ട്?!



കുറച്ച് ദിവസം പൂച്ചയുടെ പദ്ധതി സുഗമമായി നടന്നു. എന്തെങ്കിലും കുഴപ്പമുണ്ടെന്ന് ഭൂരിഭാഗം എലികൾക്കും പിടികിട്ടിയില്ല.

എന്നാൽ എലികളുടെ കൂട്ടത്തിൽ രണ്ട് മിടുമിടുക്കന്മാർ ഉണ്ടായിരുന്നു – അംബി യും റാംബിയും. രണ്ടു പേരും അടുത്ത കൂട്ടുകാർ. ഓരോ ദിവസവും എലികളുടെ എണ്ണം കുറഞ്ഞു കുറഞ്ഞു വരുന്നത് രണ്ടു പേരും ശ്രദ്ധിച്ചു. കോളനി ചെറുതായി ചെറുതായി വരുന്നു !

അംബിക്കും റാംബിക്കും പൂച്ചയെപ്പറ്റി സംശയം തോന്നി. അവർ ഇരുവരും തലപുകഞ്ഞ് ആലോചിച്ചു, എന്നിട്ട് ഒരു പദ്ധതി തയ്യാറാക്കി.

പിറ്റേന്ന് രാവിലെ, അംബി വരിയുടെ ഏറ്റവും മുന്നിൽ നിന്നുകൊണ്ട് വിളിച്ചു പറഞ്ഞു, "റാംബി, നീ എവിടെയാണ്?" റാംബി വരിയിൽ ഏറ്റവും അവസാനം നിന്നുകൊണ്ട് മറുപടി പറഞ്ഞു, "അംബി ഞാൻ ഇവിടെയുണ്ടെടാ! ഏറ്റവും ഒടുവിൽ"



എലികളുടെ മാർച്ച് മുന്നോട്ട് നീങ്ങുന്നതിനിടയിൽ അവർ ഇടക്കിടെ പരസ്പരം പേര് വിളിച്ചുകൊണ്ടിരുന്നു. വൈകുന്നേരവും അവർ അതേ കാര്യം ആവർത്തിച്ചു. വൈകുന്നേരം റാംബി ഏറ്റവും മുന്നിലും അംബി വരിയുടെ ഏറ്റവും ഒടുവിലും നിന്നു.

ഇത് കണ്ടപ്പോൾ പൂച്ചയ്ക്ക് ശരിക്കും ദേഷ്യം വന്നു. പൂച്ച തന്റെ പുതിയ പദ്ധതി നടപ്പാക്കി ജീവിതം ശരിക്കും ആസ്വദിച്ചു വരികയായിരുന്നു. അതിനു എലികളെ പറ്റിച്ച് ദിവസവും, രണ്ടുതവണ, രുചികരമായ ഭക്ഷണം കിട്ടിക്കൊണ്ടിരുന്നു. നല്ലൊരു ഏർപ്പാട് തന്നെ.

പക്ഷേ ഇനി എന്തു ചെയ്യും. തന്റെ തന്ത്രം റാംബിക്കും ആംബിക്കും പിടി കിട്ടിയിരിക്കുന്നു. രാവിലെ റാംബിയേയും വൈകുന്നേരം അംബിയേയും പിടിച്ച് തിന്നാൽ തന്റെ സൂത്രം എല്ലാ എലികൾക്കും മനസ്സിലാവും. ആകെ കുഴപ്പമാവും.




അന്ന് പൂച്ച എലിയെ പിടിച്ചില്ല. പട്ടിണി തന്നെ. ആ രാത്രി ഉറക്കമില്ലാതെ കടന്നുപോയി!

പക്ഷേ നേരം പുലർന്നതോടെ പൂച്ചയുടെ മനസ്സിൽ പുതിയ പ്രതീക്ഷ ഉദിച്ചു. "ഇന്നലെ അബദ്ധവശാൽ അങ്ങനെ പറ്റിപ്പോയതാണ്. അതൊന്നും കാര്യമാക്കാനില്ല "പൂച്ച സ്വയം പറഞ്ഞു., "ഇന്നു ഉറപ്പായും ഞാൻ അവസാനത്തെ എലിയെ പിടിക്കും." അത് ആവേശത്തോടെ സിംഹാസനത്തിൽ കയറി എലികളുടെ മാർച്ചും കത്തിരിപ്പായി

എന്നാൽ അന്നു രാവിലെയും, ഘോഷയാത്രയ്ക്കിടെ അംബിയും റാംബിയും പരസ്പരം പെരു വിളിച്ചു വിളിച്ചു കൊണ്ടേയിരുന്നു . വൈകുന്നേരവും അവർ അതുതന്നെ ആവർത്തിച്ചു .

പൂച്ചയ്ക്ക് മറ്റൊരു ഉറക്കമില്ലാത്ത രാത്രി! അത് കോപത്തോടെ അലറി. "എന്നെ പറ്റിക്കുന്നോ ആഹാ!, അവറ്റയെ ഞാനൊരു പാഠം പഠിപ്പിക്കും!"



ആ രാത്രി അംബിയും റാംബിയും എല്ലാ എലികളോടും ജാഗ്രത പാലിക്കാൻ മുന്നറിയിപ്പ് നൽകി. മാർച്ചിനിടയിൽ "പൂച്ചയുടെ കണ്ണുകളിൽ എന്തെങ്കിലും മാറ്റം ശ്രദ്ധയിൽപ്പെട്ടാൽ, കഴിയുന്നത്ര വേഗത്തിൽ അതിനു പിടി കൊടുക്കാതെ ഓടി രക്ഷപ്പെടണം."

പിറ്റേന്ന് മാർച്ചിനിടയിൽ, "റാംബി, നീ എവിടെയാണ്?" എന്ന് അംബി വിളിച്ചുപറഞ്ഞപ്പോൾ പൂച്ച ഏറ്റവും പുറകിലുള്ള റാംബിക്ക് നേരെ ചാടിവീണു!

പക്ഷേ എലികൾ ഈ ആക്രമണത്തെ നേരിടാൻ തയ്യാറായിരുന്നു? അവർ മിന്നൽ വേഗത്തിൽ ഓടി അപ്രത്യക്ഷരായി!

**ടിബറ്റൻ കഥ**





**Publisher** Rajalakshmi Srinivasan Memorial Foundation

P. Saraswati V. Vijayakanthi

L. S. Saraswathi S. Rajalakshmi

**Malayalam** K. K. Krishnakumar

**Artist** Uma Krishnaswamy

# ശൂന്യമായ കലം



കുഞ്ഞൻ പിങ്ങ് ഒരു ഉത്സാഹിയായ തോട്ടക്കാരനായിരുന്നു. അവൻ നട്ടതെല്ലാം പച്ചച്ച് തഴച്ചു വളർന്നു. അവന്റെ പൂന്തോപ്പിൽ നിറയെ പൂക്കൾ എപ്പോഴും മനോഹരമായി വിടർന്നു നിന്നിരുന്നു.

ആ നാട്ടിലെ രാജാവും വലിയൊരു പൂന്തോട്ടപ്രേമിയായിരുന്നു. തന്റെ പൂന്തോപ്പുകളെക്കുറിച്ച് രാജാവിന് വലിയ അഭിമാനവും സന്തോഷവുമായിരുന്നു. ഇത്രയേറെ സുഗന്ധമുള്ള വായു മറ്റൊരു രാജ്യത്തും ഉണ്ടായിരുന്നില്ല!

ഒരു ദിവസം രാജാവ് തന്റെ ഏറ്റവും വിശ്വസ്തനായ മന്ത്രിയോട് പറഞ്ഞു,"എനിക്ക് ശേഷം രാജ്യകാര്യങ്ങൾ നോക്കി നടത്താൻ ഒരു അവകാശിയെ കണ്ടുപിടിക്കാൻ സമയമായിരിക്കുന്നു. ദയവായി രാജ്യത്തെ കുട്ടികളെ എല്ലാവരെയും കൊട്ടാരത്തിലേക്ക് ക്ഷണിക്കൂ."



രാജ്യത്തെ കുട്ടികൾ എല്ലാവരും കൊട്ടാരത്തിൽ വന്നെത്തി. എല്ലാവരും ഒത്തുകൂടിയപ്പോൾ, രാജാവ് അവരെ ദയാപൂർവം അഭിസംബോധന ചെയ്തു. "പ്രിയ മക്കളേ," അദ്ദേഹം പറഞ്ഞു. "ഇന്ന് നിങ്ങൾക്ക് ഓരോരുത്തർക്കും ഒരു നിശ്ചിത അളവിൽ പൂച്ചെടി വിത്തുകൾ ലഭിക്കും. ഈ വിത്തുകൾ നട്ടുനനച്ച് ഏറ്റവും മനോഹരമായ പൂക്കൾ വളർത്തുന്നയാൾ എന്റെ അവകാശിയാകും,. എനിക്ക് ശേഷം അയാൾ ഈ രാജ്യം ഭരിക്കും."

രാജാവ് കൊടുത്ത വിത്തുകൾ ലഭിച്ചപ്പോൾ കുട്ടികൾ എല്ലാവരും ആവേശഭരിതരായി..

അക്കൂട്ടത്തിൽ ഉണ്ടായിരുന്ന കുഞ്ഞൻ പിങ്ങ് വിത്തുകളുമായി തിടുക്കത്തിൽ വീട്ടിലേക്ക് മടങ്ങി. അവൻ രാജാവ് നല്കിയ വിത്തുകൾ ഒരു ചെടിച്ചട്ടിയിൽ വിതച്ചു. അവൻ ദിവസവും വിത്തുകൾ നനച്ചു, അവ മുളയ്ക്കുന്നത് ആകാംക്ഷയോടെ കാത്തിരുന്നു.



ഒരാഴ്ച കടന്നുപോയി, ഒരു വിത്തു പോലും മുളച്ചില്ല! പിംഗ് മണ്ണ് മാറ്റി നോക്കി. ഒരു ഫലവും ഉണ്ടായില്ല. അവൻ വിത്തുകൾ ഒരു വലിയ ചെടിച്ചട്ടിയിൽ ഇട്ട് കാത്തിരുന്നു. എന്നിട്ടും വിത്തുകൾ മുളച്ചില്ല!

ഒടുവിൽ രാജാവ് നിശ്ചയിച്ച ദിവസം വന്നെത്തി. രാജ്യത്തിൽ എല്ലായിടത്തും മനോഹരമായ പൂക്കൾ വിടർന്നു നിന്നു. ചുറ്റുമുള്ള വായുവിൽ സുഗന്ധം നിറഞ്ഞു.

പിങ്ങ് ജനാലയ്ക്കരികിൽ ഇരുന്നുകൊണ്ട് സന്തോഷഭരിതരായ കുട്ടികളുടെ കൂട്ടത്തെ നോക്കി.പക്ഷേ അവന്റെ ഹൃദയം തകരുകയായിരുന്നു.



"മറ്റെല്ലാ കുട്ടികൾക്കും രാജാവിന്റെ വിത്തുകളിൽ നിന്ന് സസ്യങ്ങൾ വളർത്താൻ കഴിഞ്ഞു. ഞാൻ മാത്രം തോറ്റുപോയി" അവൻ സങ്കടപ്പെട്ടു. "എല്ലാവരും എന്റെ ഒഴിഞ്ഞ പൂച്ചട്ടി നോക്കി കളിയാക്കി ചിരിക്കും." അവൻ കൊട്ടാരത്തിലേക്ക് പോകേണ്ട എന്ന് തീരുമാനിച്ചു.



എന്നാൽ പിങ്ങിന്റെ അച്ഛൻ അവനെ പ്രോത്സാഹിപ്പിച്ചു. അങ്ങിനെ അവൻ കൊട്ടാരത്തിലേക്ക് പോകാൻ സമ്മതിച്ചു. "നീ പരമാവധി ശ്രമിച്ചു"  പിങ്ങിന്റെ അച്ഛൻ ഉറപ്പിച്ചു  പറഞ്ഞു . "അതാണ് മോനേ ഏറ്റവും പ്രധാനമായ കാര്യം!"

ആ സമയത്ത് , കൊട്ടാരത്തിൽ, രാജാവ് കുട്ടികളുടെ ഇടയിലൂടെ നടന്ന് അവരുടെ ചെടികൾ പരിശോധിക്കുകയായിരുന്നു. അയാൾ എല്ലാ കുട്ടികളെയും നോക്കി ദയാപൂർവം പുഞ്ചിരിച്ചു, പക്ഷേ ആരുടെയും അരികെ നിൽക്കുകയുണ്ടായില്ല

പിങ്ങ് ഓടിവന്നപ്പോൾ, രാജാവ് അവനെ വിളിച്ച് ചോദിച്ചു, " നീ എന്തുകൊണ്ടാണ് ഈ ഒഴിഞ്ഞ പൂച്ചട്ടിയുമായി എന്നെ കാണാൻ വന്നത്?"

പിങ്ങ് കരയാൻ തുടങ്ങി. അവൻ പറഞ്ഞു, "അങ്ങ് തന്ന വിത്തുകൾ ഞാൻ നല്ല മണ്ണിൽ വിതച്ചു. എല്ലാ ദിവസവും നനച്ചു. പക്ഷേ അവ മുളച്ചില്ല! ഞാൻ മണ്ണ് മാറ്റി. ചട്ടി പോലും മാറ്റി നോക്കി. പക്ഷേ വിത്തുകൾ മുളച്ചില്ല."







രാജാവ് സന്തോഷിച്ചു! അദ്ദേഹം പിങ്ങിനെ നോക്കി പുഞ്ചിരിച്ചു, തുടർന്ന് പ്രതീക്ഷയോടെ കാത്തു നിൽക്കുന്ന കുട്ടികളെ നോക്കി പുഞ്ചിരിച്ചു. "നിങ്ങളുടെ പൂക്കൾ മനോഹരമാണ്!" രാജാവ് പറഞ്ഞു. "പക്ഷേ ഞാൻ നിങ്ങൾക്ക് നൽകിയ വിത്തുകളിൽ നിന്നല്ല അവ വളർന്നത്. ഞാൻ തന്ന വിത്തുകൾ വേവിച്ചവയായിരുന്നു. അവ ഒരിക്കലും മുളയ്ക്കില്ല എന്നെനിക്ക് അറിയാമായിരുന്നു!!"

എന്നിട്ട് രാജാവ് പിങ്ങിലേക്ക് തിരിഞ്ഞു. "ഈ ഒഴിഞ്ഞ പൂച്ചട്ടിയുമായി എന്റെ അരികെ വന്നതിന് ഞാൻ നിന്നെ പ്രത്യേകം അഭിനന്ദിക്കുന്നു!" അവൻ പറഞ്ഞു.

എന്നിട്ട് അദ്ദേഹം എല്ലാവരോടുമായി പ്രഖ്യാപിച്ചു, "ഈ സത്യസന്ധനായ പിങ്ങ് എനിക്കു ശേഷം നിങ്ങളുടെ അടുത്ത രാജാവായിരിക്കും."

**ചൈനയിൽ നിന്നുള്ള ഒരു കഥ**





P. Saraswati  V. Vijayakanthi
L. S. Saraswathi  S. Rajalakshmi

**Publisher** Rajalakshmi Srinivasan Memorial Foundation
**Malayalam** K. K. Krishnakumar
**Artist** Uma Krishnaswamy

15

# തയ്യൽക്കാരനും ചന്ദ്രനും



ഒരു ഗ്രാമത്തിൽ ഒരു തയ്യൽക്കാരൻ ചെറിയൊരു തയ്യൽക്കട നടത്തിയിരുന്നു. കഠിനാധ്വാനിയായ ഒരു സാധു മനുഷ്യൻ. അദ്ദേഹം നിർമ്മിക്കുന്ന വസ്ത്രങ്ങൾ വളരെ സുന്ദരമായിരുന്നു. അദ്ദേഹം തയ്ക്കുന്ന തണുപ്പുകാലത്തിടുന്ന ചുടു വസ്ത്രങ്ങൾ വളരെ പേരുകേട്ടവയായിരുന്നു

ഒരു ദിവസം തയ്യൽക്കാരൻ കട നേരത്തെ അടച്ചു. കോട്ടും ധരിച്ച് അദ്ദേഹം പുറത്തിറങ്ങി. നല്ല തണുപ്പുള്ള ഒരു വൈകുന്നേരമായിരുന്നു അത്. പെട്ടെന്ന് വളരെ മൃദുവായ ഒരു ശബ്ദം അയാൾ കേട്ടു.

"എനിക്ക് നല്ല തണുപ്പ് തോന്നുന്നു," ആ ശബ്ദം പറഞ്ഞു, "ഒരു നീണ്ട യാത്ര പോകാനുള്ളതാ. നിങ്ങൾ എനിക്കൊരു ഒരു കോട്ട് തുന്നിത്തരുമോ?"



തയ്യൽക്കാരൻ ചുറ്റും നോക്കി. ആരെയും കാണുന്നില്ല. അയാൾക്ക് കാണാൻ കഴിയുന്നിടത്തോളം ദൂരം റോഡും ശൂന്യമായിരുന്നു.

"മുകളിലേക്ക് നോക്കൂ," ശബ്ദം വീണ്ടും പറഞ്ഞു. "ഇതാ ഇതാ ഇവിടെ. ഞാനാണ്." തയ്യൽക്കാരൻ മുകളിലോട്ട് നോക്കിയപ്പോൾ കണ്ടത് സാക്ഷാൽ ചന്ദ്രക്കല! ആകാശത്ത് അങ്ങ് ഉയരെ, അകലെ അത് വളരെ ചെറുതായി കാണപ്പെട്ടു.

"ഓ! പാവം! തണുത്തു വിറച്ച് ആകെ ചുങ്ങിപ്പോയിരിക്കുന്നു " തയ്യൽക്കാരൻ വിചാരിച്ചു. ഏതായാലും ചന്ദ്രന്, നല്ലൊരു ചൂടുള്ള കോട്ട് തുന്നിക്കൊടുക്കാൻ അദ്ദേഹം സമ്മതിച്ചു.

പിറ്റേന്ന് രാവിലെ, തയ്യൽക്കാരൻ മികച്ച പട്ടിന്റെ കഷണങ്ങൾ ശേഖരിച്ച് ചന്ദ്രക്കലയുടെ ആകൃതിയിൽ മുറിച്ചു തുന്നി. മൂന്ന് ദിവസത്തിനുള്ളിൽ, കോട്ടിന്റെ പണി പൂർത്തിയാക്കി. വെളുത്ത, ലളിതമായ ഡിസൈനുള്ള കോട്ട്, പക്ഷേ ഉൾവശത്തെ പാളി തണുപ്പിനെ ചെറുക്കാൻ വേണ്ടത്ര കട്ടിയുള്ളതായിരുന്നു.

ചന്ദ്രൻ വളരെ സന്തോഷിച്ചു. എന്നിട്ട് ആവേശത്തോടെ കോട്ട് എടുത്ത് ധരിക്കാൻ ശ്രമിച്ചു. പക്ഷേ പറ്റിയില്ല. കോട്ട് ചെറുതായിരുന്നു!

"താങ്കൾ എന്റെ അളവ് എടുത്തില്ല," ചന്ദ്രൻ തയ്യൽക്കാരനോട് അൽപം ദേഷ്യത്തിൽ പറഞ്ഞു, "അതുകൊണ്ടാണ് കോട്ട് വളരെ ചെറുതായത്."


അതിലേ പറന്നു നടന്ന ഒരു കഴുകൻ തയ്യൽക്കാരനെ സഹായിക്കാൻ തയ്യാറായി. "തയ്യൽക്കാരാ, നിന്റെ ടേപ്പ് എനിക്ക് തരൂ," കഴുകൻ പറഞ്ഞു. "ഞാൻ ചന്ദ്രന്റെ അളവെടുക്കാം!"

കഴുകൻ ചന്ദ്രനു ചുറ്റും പറന്ന് അളവെടുത്തു . എന്നിട്ട് തിരികെ വന്ന് തയ്യൽക്കാരന് അളവുകൾ വായിച്ചുകൊടുത്തു. തയ്യൽക്കാരൻ നന്നായി യോജിക്കുന്ന ഒരു കോട്ട് തുന്നിത്തരാമെന്ന് ചന്ദ്രന് വാക്കു കൊടുത്തു.

അതിനിടെ ഉത്സവക്കാലമായി. തയ്യൽക്കാരന് തിരക്കോടു തിരക്കായി. അതുകൊണ്ട് ചന്ദ്രനുള്ള കോട്ട് പൂർത്തിയാക്കാൻ ഒരു ആഴ്ച വേണ്ടി വന്നു! ഇത്തവണ നേർത്ത, ക്രീം നിറമുള്ള കമ്പിളി കൊണ്ടുള്ള കൊട്ടാണ് തയ്യാറാക്കിയത്. കോളറിലും സ്ലീവുകളിലും വെള്ളി നൂൽ കൊണ്ടു ചിത്രങ്ങളും തുന്നിച്ചേർത്തിരുന്നു. കോട്ട് ശരിക്കും മനോഹരമായിരുന്നു!



ചന്ദ്രന് കൊട്ടിന്റെ ചിത്രപ്പണി വളരെ ഇഷ്ടമായി," ഗാംഭീരമായിരിക്കുന്നു ചേട്ടാ“, ചന്ദ്രൻ തയ്യൽക്കാരനെ ഉറക്കെ അഭിനന്ദിച്ചു. പക്ഷേ ഇത്തവണയും കോട്ട് ചന്ദ്രന് പാകമായില്ല!



തയ്യൽക്കാരന് ശരിക്കും ദേഷ്യം വന്നു വന്നു. "അങ്ങ് ശരിക്കും തടിച്ചിരിക്കുന്നു" എന്നിട്ട് അയാൾ പറഞ്ഞു. "ഈ കോട്ട് ഒരിക്കലും അങ്ങേക്ക് പാകമാകാൻ പോകുന്നില്ല"

"അയ്യോ! അങ്ങനെ പറയല്ലേ" ചന്ദ്രൻ അപേക്ഷിച്ചു. "ഒരു കോട്ട് കൂടി തയ്ക്കൂ.അവസാനമായി. ഇനി ഒരിക്കലും ഞാൻ അവശ്യപ്പെടില്ല. തീർച്ച ."

തയ്യൽക്കാരൻ സമ്മതിച്ചു. "ശരി, ഒരെണ്ണം കൂടി തയ്ക്കാം. പക്ഷേ അത് അവസാനത്തേതായിരിക്കും!" "താങ്കൾ ഇനിയും തടിച്ചു വലുതായിക്കൊണ്ടിരിക്കില്ല എന്നു ഞാൻ പ്രതീക്ഷിക്കുന്നു!".



അയാൾ വീണ്ടും തുണിക്കഷണങ്ങൾ ശേഖരിച്ച് ഒരു വലിയ ഓവർകോട്ട് തുന്നി.. അത് ഏതാണ്ട് പൂർണ്ണമായും വൃത്താകൃതിയിലായിരുന്നു, വെളുത്ത നൂലിന്റെ ചുരുളുകൾ കോട്ടിൽ എല്ലായിടത്തും തുള്ളിക്കളിച്ചു. കൂട്ടത്തിൽ വെള്ളി ബക്കിളുകളും. കോട്ട് ഗംഭീരമായിരുന്നു!



തയ്യൽക്കാരൻ അത് ചന്ദ്രനു നൽകി. പക്ഷേ ചന്ദ്രൻ അപ്പോഴും വൃത്താകൃതിയിലാണോ?

"ഈ പെരുത്ത ഉടുപ്പ് എന്നെ തണുപ്പിൽ നിന്ന് എങ്ങനെ സംരക്ഷിക്കും?" കൊട്ടിന്റെ മനോഹരമായ ഡിസൈൻ അവഗണിച്ചു കൊണ്ട് ചന്ദ്രൻ പിറുപിറുത്തു. ഇത്തവണ കോട്ട് വല്ലാതെ അയഞ്ഞു തൂങ്ങിക്കിടന്നു.! കാരണം ചന്ദ്രൻ ചുരുങ്ങി ചെറുതായിരുന്നേ!

"എനിക്ക് ഒന്നും പിടികിട്ടുന്നില്ല!" തയ്യൽക്കാരൻ പിറുപിറുത്തു കൊണ്ടിരുന്നു.

ആ സംഭവത്തിനു ശേഷം, മനോഹരമായ പൂർണ്ണചന്ദ്രനെ കാണുന്നതു തന്നെ അദ്ദേഹത്തിന് ഇഷ്ടമായിരുന്നില്ല!



“ഇങ്ങനെ ദിവസം തോറും രൂപം മാറുന്ന ചന്ദ്രനെപ്പോലെയുള്ളവരെ ഇനി ഒരിക്കലും കാണാനിടവരരുതേ എന്നാണ് എന്റെ പ്രാർഥന!" തുന്നൽക്കാരൻ സ്വയം മന്ത്രിച്ചു.

**നിരുപമ രാഘവന്റെ ഒരു കഥയെ അടിസ്ഥാനമാക്കിയുള്ളത്**



**Publisher** Rajalakshmi Srinivasan Memorial Foundation

P. Saraswati V. Vijayakanthi

**Malayalam** K. K. Krishnakumar

L. S. Saraswathi S. Rajalakshmi

**Artist** Uma Krishnaswamy

# മാജിക് മാമ്പഴം



പണ്ടു പണ്ട് ഒരു കാട്ടിൽ നല്ല ഉയരമുള്ള ഒരു മാവുണ്ടായിരുന്നു. ഒരു ദിവസം ശക്തമായ കാറ്റ് ആ മരത്തെ അടിമുടി കുലുക്കി. അതിൽ നിന്ന് ഒരു പഴുത്ത മാമ്പഴം നിലത്തു വീണു. വീണത് സാധാരണ മാമ്പഴമായിരുന്നില്ല:കെട്ടോ ! അതൊരു മാജിക് മാമ്പഴമായിരുന്നു! മാമ്പഴത്തിന് വളരെ സന്തോഷം തോന്നി.

ഇനി ഇപ്പോ സ്വതന്ത്രമായി കറങ്ങിത്തിരിഞ്ഞ് ലോകം കാണാമല്ലോ!

അത് ഉരുണ്ടുരുണ്ട് കാട്ടിൽ നിന്ന് ഒരു വയലിലേക്ക് കയറി. അതിനിടയിൽ ഒരു ആട് അതിലേ കയറി വന്നു

ആട് പാതിയുറക്കത്തിൽ വയലിൽ മേയുകയായിരുന്നു. അത് മാന്ത്രിക മാമ്പഴത്തെ കണ്ടു.

"ഏയ് ഒന്നു നിന്നേ!" അത് മാങ്ങയെ നോക്കി അമറി "എനിക്ക് നിന്നെ തിന്നണം!"



പക്ഷേ മാന്ത്രിക മാമ്പഴംപൊട്ടിച്ചിരിച്ചു.
കൊണ്ട് ഇങ്ങിനെ പാടി,

ഞാനൊരു ഒരു മാജിക് മാമ്പഴം
ആർക്കും ഞാൻ പിടിതരില്ല
ഉരുണ്ടുരുണ്ടു കറങ്ങും ഞാൻ
കാറ്റിനേക്കാളതിവേഗം
നോക്കൂ- ഞാനൊരു സ്വതന്ത്രൻ !



മാമ്പഴം അതിവേഗം
ഉരുണ്ടുരുണ്ട് മുന്നോട്ടു നീങ്ങി .
ആട് അതിന്റെ പിന്നാലെ ഓടി.

ആ വഴിയിൽ ഒരു ഗ്രാമീണ
ബാലൻ പട്ടം പറത്തി
കളിക്കുന്നുണ്ടായിരുന്നു. മാന്ത്രിക
മാമ്പഴം ഉരുളുന്നത് അവൻ കണ്ടു.
"നിൽക്കവിടെ!" അവൻ
ആജ്ഞാപിച്ചു. "എനിക്ക് നിന്നെ
തിന്നണം!"

മാങ്ങ വീണ്ടും
ചിരിച്ചുകൊണ്ട് പാടി,

ഞാൻ ഒരു മാജിക് മാമ്പഴം

ആർക്കും ഞാൻ പിടിതരില്ല

ഉരുണ്ടുരുണ്ടു കറങ്ങും
ഞാൻ

കാറ്റിനേക്കാളതിവേഗം !

നോക്കൂ – ഞാനൊരു
സ്വതന്ത്രൻ !




മാങ്ങ പാടിക്കൊണ്ട് അതി
വേഗം മുന്നോട്ട് ഓടി.

ആടും ആൺകുട്ടിയും
അതിനെ പിന്തുടർന്നോടി.

ആ വഴിക്കുള്ള ഒരു
പൂന്തോട്ടത്തിൽ
കളിക്കുകയായിരുന്ന ഏതാനും
പെൺകുട്ടികൾ. ഉരുണ്ടുരുണ്ട്
വരുന്ന മാങ്ങയെ കണ്ട് വിളിച്ചു
പറഞ്ഞു, "നിൽക്ക് നിൽക്കു!
ഞങ്ങൾക്ക് നിന്നെ തിന്നണം!"
അവരും മാന്ത്രിക മാങ്ങയുടെ
പിന്നാലെ ഓടാൻ തുടങ്ങി.

മാങ്ങ ഓട്ടത്തിന്റെ വേഗം
കൂട്ടി. ഓടി ഓടി അത്
കുട്ടികളെക്കാൾ വളരെ
മുന്നിലെത്തി. ആടിന് പോലും
അതിന്റെ അടുത്ത് എത്താൻ
കഴിഞ്ഞില്ല!



മാങ്ങ പിന്നെയും പാടി,
ഞാനൊരു മാജിക് മാമ്പഴം
ആർക്കും ഞാൻ പിടിതരില്ല
ഉരുണ്ടുരുണ്ടു കറങ്ങും ഞാൻ
കാറ്റിനേക്കാളതിവേഗം!
നോക്കൂ –ഞാനൊരു സ്വതന്ത്രൻ

മാങ്ങ അതി വേഗം ഉരുണ്ടുരുണ്ടു മുന്നേറി. ആട്, ആൺകുട്ടി, പെൺകുട്ടികൾ എന്നിവരെല്ലാം മുന്നോട്ടാഞ്ഞ് അതിനെ പിടിക്കാന് ശ്രമിച്ചു.. പക്ഷേ മാങ്ങ അവരേക്കാൾ വളരെ വേഗത്തിൽ മുന്നേറി! താമസിയാതെ അത് അവരെ വളരെ പിന്നിലാക്കി. മാന്ത്രിക മാമ്പഴം വയലുകളും പൂന്തോട്ടങ്ങളും, തോട്ടങ്ങളും, പിന്നിട്ട് അതി വേഗം ഉരുണ്ടുരുണ്ടു നീങ്ങി.

പെട്ടെന്ന് അതിന് ഭയങ്കര ക്ഷീണം തോന്നി. അത് ഉയരമുള്ള പുല്ലുകൾക്കിടയിൽ ഒളിച്ചു. എന്നിട്ട് ഉറങ്ങാന് തുടങ്ങി.. ആ ഉറക്കം മാസങ്ങളോളം നീണ്ടു!

ഒരു ദിവസം സൂര്യരശ്മികൾ തനിക്കുമേൽ പതിക്കുന്നത് അതറിഞ്ഞു. അത് ഞെട്ടി ഉണർന്നു.

താൻ ആകെ മാറിയതായി അതിനു തോന്നി.... അതിന് മുള പൊട്ടി തുടങ്ങിയിരുന്നു ...

അതെ! മാന്ത്രിക മാമ്പഴം വളർന്ന് ഒരു മാവായി മാറുകയായിരുന്നു!

**പാപ്പ ന്യൂ ഗിനിയയിൽ നിന്നുള്ള ഒരു കഥ**



**© Katha Jharna 2008**

P. Saraswati V. Vijayakanthi
L. S. Saraswathi S. Rajalakshmi

**Publisher** Rajalakshmi Srinivasan Memorial Foundation
**Malayalam** K. K. Krishnakumar
**Artist** Uma Krishnaswamy

# കുരുവിയുടെ സമ്മാനം

17



സെ-റിംഗും ചാം-ബയും അയൽക്കാരായിരുന്നു. പക്ഷേ അവർ ഒരേ സ്വഭാവക്കാരായിരുന്നില്ല. സെ-റിംഗ് ആരോടും സ്നേഹമില്ലാത്ത ആളായിരുന്നു. അയാൾക്ക് മറ്റുള്ളവരോടൊക്കെ അസൂയയായിരുന്നു. നേരെ മറിച്ച് ചാം-ബ ദയാലുവായിരുന്നു, എപ്പോഴും എല്ലാവരെയും സഹായിക്കാൻ തയ്യാറായിരുന്നു.


ഒരു ദിവസം ചാം-ബ തന്റെ വീടിനടുത്തുള്ള ഒരു മരത്തിൽ നിന്ന് ഒരു കുരുവിക്കുഞ്ഞ് താഴെ വീഴുന്നത് കണ്ടു. അവൻ ഓടിച്ചെന്ന് അതിനെ എടുത്തു. പാവം കുരുവി! വീഴ്ചയിൽ അതിന്റെ കാൽ ഒടിഞ്ഞിരുന്നു! ചാം-ബ ശ്രദ്ധാപൂർവ്വം ഒരു ഔഷധക്കൂട്ട് ഒടിഞ്ഞ കാലിൽ പുരട്ടി, ഒരു ബാൻഡേജ് കെട്ടി. എന്നിട്ട് പക്ഷിക്കുഞ്ഞിനെ അതിന്റെ കൂട്ടിൽ തിരികെ വച്ചു.

നാളുകൾ പലതു കഴിഞ്ഞു. പറക്കമുറ്റിയപ്പോൾ, കുരുവിക്കുഞ്ഞ് പതുക്കെ പറന്നു വന്ന് ചാം-ബയുടെ തോളിൽ വന്നിരുന്നു. അതിന്റെ കൊക്ക് നിറയെ വിത്തുകൾ ഉണ്ടായിരുന്നു. “അങ്ങ് എന്റെ ജീവൻ രക്ഷിച്ചു," അത് പറഞ്ഞു, എന്നിട്ട് കൊക്കിൽ നിറച്ചു വച്ചിരുന്ന വിത്തുകൾ ചാം-ബയുടെ കൈയിലേക്ക് വിതറി. "ഈ വിത്തുകൾ എടുത്ത് നടുക.എന്നിട്ട് എന്താണ് സംഭവിക്കുന്നത് എന്നു കാത്തിരുന്ന് കാണുക!" ഇത്രയും പറഞ്ഞ് കുരുവിക്കുഞ്ഞ് ദൂരേക്ക് പറന്നുപോയി.

ചാം-ബ വിത്തുകൾ വിതച്ചു. താമസിയാതെ അയാളുടെ തോട്ടത്തിൽ ചോളച്ചെടികൾ തഴച്ചു വളർന്നു. ചെടികൾക്ക് ഒത്ത ഉയരവും സ്വർണ്ണനിറവും ആയിരുന്നു. ഒരു ദിവസം അയാൾ പൂന്തോട്ടത്തിൽ എത്തിയപ്പോൾ ആശ്ചര്യകരമായ ഒരു കാഴ്ച കണ്ടു! ചോളച്ചെടിയിൽ പഴുത്ത കായ്കൾക്ക് പകരം, കതിരുകളിൽ വിലയേറിയ രത്നങ്ങൾ തിളങ്ങി നിൽക്കുന്നു. കുറെ നേരം ആ കാഴ്ച കണ്ട് .അത്ഭുതപ്പെട്ടു നിന്ന ശേഷം ചാം-ബ രത്നങ്ങൾ പറിച്ചെടുത്ത് മാർക്കറ്റിൽ കൊണ്ടുപോയി വിറ്റു. വലിയൊരു ഒരു പണക്കാരനായാണ് അയാൾ വീട്ടിൽ മടങ്ങിയെത്തിയത്.

ആതിനുശേഷം ചാം-ബ തന്റെ കുടുംബത്തിനായി ഒരു പുതിയ ബംഗ്ലാവ് നിർമ്മിച്ചു. ധനവാനായെങ്കിലും അയാളുടെ സ്വഭാവത്തിൽ മാറ്റമൊന്നും വന്നില്ല. അയാൾ ദരിദ്രരെയും അവശരേയും സേവിക്കുന്നതിനായി സ്വയം സമർപ്പിച്ചു. അതിൽ അയാൾ വളരെ സന്തോഷവാനായിരുന്നു!

അതേസമയം, ചാം-ബയുടെ ജീവിതത്തിലെ മാറ്റങ്ങൾ സെ-റിംഗ് നിരീക്ഷിച്ചുകൊണ്ടിരുന്നു. "അയാൾ എങ്ങനെയാണ് ഇത്ര സമ്പന്നനായത്?" സെ-റിംഗ് അത്ഭുതപ്പെട്ടു. അയാൾ അതെക്കുറിച്ച് നേരിട്ട് അന്വേഷിക്കാൻ ചാം-ബയെ നേരിട്ട് ചെന്നു കണ്ടു.. പക്ഷിക്കുഞ്ഞ് കൂട്ടിൽ നിന്ന് വീണതിനെക്കുറിച്ചും അതിന്റെ കാൽ ഒടിഞ്ഞതിനെക്കുറിച്ചും എല്ലാം ചാം-ബ സെ-റിംഗിനോട് വിശദമായി പറഞ്ഞു.





പിന്നീട് താൻ സഹായിച്ച പക്ഷി വിത്തുകൾ സമ്മാനമായി തന്ന കാര്യമടക്കം ഒന്നും മറച്ചുവെക്കാതെ മുഴുവൻ കഥയും ചാം-ബ സെ-റിങ്ങിനെ ധരിപ്പിച്ചു. എല്ലാം കെട്ട ശേഷം "എന്തുകൊണ്ട് എനിക്കും ചാം-ബയെപ്പോലെ സമ്പന്നനായിക്കൂടാ?" എന്ന് ചിന്തിച്ചുകൊണ്ട് സെറിംഗ് സ്വന്തം വീട്ടിലേക്ക് പോയി. തനിക്കും എങ്ങിനെയെങ്കിലും ചാംബയെപ്പോലെ വിലയേറിയ രത്നങ്ങൾ കിട്ടിയേ തീരൂ എന്ന് അവൻ തീരുമാനിച്ചു!

ആദ്യം ഒരു കുരുവിക്കൂട് കണ്ടെത്താനായി സെറിംഗ് അടുത്തുള്ള മരങ്ങൾ മുഴുവൻ തിരഞ്ഞു. ഒടുവിൽ ഒരു കുരുവിക്കൂട് കണ്ടെത്തി. അതിൽ ഒരു കുഞ്ഞു കുരുവി ഉണ്ടായിരുന്നു. സെറിങ്ങ് ആ കുഞ്ഞു കുരുവി നിലത്തു വീഴുന്നതുവരെ കൂട് കുത്തിയിളക്കി. പിന്നീട് അയാൾ കുരുവിയെ എടുത്ത്, അതിന്റെ ഒടിഞ്ഞ കാലിൽ കുറച്ച് പേസ്റ്റ് തേച്ച്, ബാൻഡേജ് ചെയ്തു. എന്നിട്ട് പക്ഷിയെ വീണ്ടും കൂട്ടിൽ വച്ചു.


കുറച്ചു നാൾ കഴിഞ്ഞപ്പോൾ പറക്കാറായ പക്ഷി കൊക്കിനിടയിൽ കുറച്ചു വിത്തുകളുമായി സെ-റിങ്ങിന്റെ അരികിൽ എത്തി. എന്നിട്ട് ഏതാനും വിത്തുകൾ അവന്റെ കൈയിൽ വിതറി, "ഇവ നടൂ, എന്താണ് സംഭവിക്കുന്നത് എന്ന് നോക്കൂ!" ഇത്രയും പറഞ്ഞ് പക്ഷി എങ്ങോട്ടോ പറന്നകന്നു.

സെ-റിംഗ് വിത്തുകൾ വിതച്ചു. താമസിയാതെ ചെടികൾ വളർന്നു വലുതായി. സെറിങ്ങ് എല്ലാ ദിവസവും ചോളച്ചെടികളിൽ രത്നങ്ങൾ വിളഞ്ഞിട്ടുണ്ടോ എന്ന് ജിജ്ഞാസയോടെ പരിശോധിച്ചു കൊണ്ടിരുന്നു

അങ്ങിനെയിരിക്കെ ഒരു ദിവസം അയാൾ വയലിൽ എത്തിയപ്പോൾ കണ്ട കാഴ്ച ഭയാനകമായിരുന്നു. ചോളച്ചെടികൾക്ക് പകരം വയലിൽ ഉഗ്രരൂപിയായ ഒരു രാക്ഷസൻ അവനെ തുറിച്ചുനോക്കി നിന്നു. അതിന്റെ കൈയ്യിൽ മൂർച്ചയുള്ള ഒരു കൂറ്റൻ വാൾ തിളങ്ങുന്നു.

സെ-റിംഗ് അതിവേഗം വീട്ടിലേക്ക് ഓടി. രാക്ഷസൻ അയാളെ പിന്തുടർന്നു. അത് സെ-റിംഗിന്റെ വീട്ടിൽ ഉണ്ടായിരുന്ന എല്ലാ ആഭരണങ്ങളും പണവും വാരിയെടുത്ത് വായുവിൽ അപ്രത്യക്ഷമായി!

**ടിബറ്റിൽ നിന്നുള്ള ഒരു നാടോടിക്കഥ**






P. Saraswati V. Vijayakanthi
L. S. Saraswathi S. Rajalakshmi

**Publisher** Rajalakshmi Srinivasan Memorial Foundation
**Malayalam** K. K. Krishnakumar
**Artist** Uma Krishnaswamy

# ഡൂഫിയുടെ സാഹസങ്ങൾ



ഡൂഫിക്കുട്ടൻ ഇടക്കിടെ അവന്റെ അമ്മായിയുടെ വീട്ടിൽ പോകും. അമ്മായിക്ക് അവനെ വലിയ ഇഷ്ടമായിരുന്നു. അമ്മായി അടുക്കളപ്പണി ചെയ്യുമ്പോൾ ഡൂഫിക്കുട്ടൻ കളിയിൽ മുഴുകും. ഡൂഫി സന്ദർശനം കഴിഞ്ഞ്, വീട്ടിലേക്ക് മടങ്ങുമ്പോ അമ്മായി അവനു കൊണ്ട് പോകാൻ എന്തെങ്കിലുമൊക്കെ പൊതിഞ്ഞു കൊടുക്കുക പതിവായിരുന്നു.



അന്നൊരു ദിവസം, അമ്മായി അവന് ഒരു വലിയ ചോക്ലേറ്റ് കേക്ക് കൊടുത്തു. അത് മുറുകെ പിടിക്കണമെന്നും നിലത്ത് വീഴാതെ സൂക്ഷിക്കണമെന്നും അമ്മായി ഡൂഫിയോട് പ്രത്യകം പറഞ്ഞു. വീട്ടിലേക്ക് മടങ്ങുമ്പോൾ ഡൂഫി കേക്ക് കൈകൾക്കിടയിൽ ഞെരുക്കിപ്പിടിച്ചു. ഫലമോ! വീട്ടിൽ എത്തിയപ്പോഴേക്കും, കേക്ക് തവിടുപൊടിയായി.

"ഇങ്ങനെയാണോ മോനേ കേക്ക് പിടിക്കുന്നത്?" പൊടിഞ്ഞ കേക്ക് കണ്ടപ്പോൾ ഡൂഫിയുടെ അമ്മ നെറ്റി ചുളിച്ചു. "നീ അതൊരു ഇലയിൽ പൊതിഞ്ഞ് തൊപ്പിയുടെ കീഴിൽ വയ്ക്കണമായിരുന്നു."

അടുത്ത ആഴ്ച ഡൂഫിയുടെ അമ്മായി അവന് ഒരു വലിയ വെണ്ണക്കട്ടിയാണ് കൊടുത്തത്. അവൻ അത് ഇലയിൽ ശ്രദ്ധാപൂർവ്വം പൊതിഞ്ഞ് തൊപ്പിയ്ക്കടിയിൽ വച്ചു. എന്നിട്ട് വീട്ടിലേക്ക് നടക്കാൻ തുടങ്ങി.



നല്ല ചൂടുള്ള ദിവസമായിരുന്നു! വെയിലത്ത് ഡൂഫി വീട്ടിലെത്തിയപ്പോഴേക്കും അവന്റെ മുഖത്തു മുഴുവൻ വെണ്ണയായിരുന്നു. അവന്റെ ഷർട്ടിലൂടെ പോലും ഉരുകിയ വെണ്ണ തുള്ളി തുള്ളിയായി ഒലിച്ചിറങ്ങുന്നുണ്ടായിരുന്നു!

വീട്ടിൽ എത്തിയ ഡൂഫിയെ കണ്ടപ്പോൾ അമ്മ ഞെട്ടിപ്പോയി. "എന്റെ ദൈവമേ! ഇത് എന്തൊരു കോലമാണ്!" അവർ പറഞ്ഞു. "മോനേ വെണ്ണക്കട്ടി കൊണ്ടുവരുന്നത് ഇങ്ങനെയല്ല! അത് തണുത്ത വെള്ളത്തിൽ ഇട്ട് കൊണ്ടു വന്നിരുന്നെങ്കിൽ ഇങ്ങിനെ-യൊന്നും പറ്റില്ലായിരുന്നു ."

അടുത്ത ആഴ്ച, ഡൂഫിയുടെ അമ്മായി അവന് കൊടുത്തത് ഭംഗിയുള്ള ഒരു ചെറിയ നായ്ക്കുട്ടിയെയാണ്.. ഡൂഫി ഒരു പാത്രത്തിൽ തണുത്ത വെള്ളം നിറച്ച് നായക്കുട്ടിയെ അതിലിട്ടു. എന്നിട്ടു പാത്രം തലയില് വച്ച് വീട്ടിലേക്ക് നടന്നു. പാവം നായ്ക്കുട്ടി വഴി നീളെ തണുത്തു വിറച്ച് മോങ്ങിക്കൊണ്ടിരുന്നു

വീട്ടിലെത്തിയപ്പോൾ അമ്മ ചോദിച്ചു "എന്റെ ഡൂഫിക്കുട്ടാ നീ എന്താണീകാണിച്ചു കൂട്ടിയിരിക്കുന്നത്? പാവം നായ്ക്കുട്ടി തണുത്തു മരവിച്ചിരിക്കുന്നത് കണ്ടില്ലേ? ചാവാത്തത് ഭാഗ്യം! നീ അതിന്റെ കഴുത്തിൽ ഒരു കയർ കെട്ടി പതുക്കെ വലിച്ചു കൊണ്ട് വരണമായിരുന്നു.."

അടുത്ത തവണ അമ്മായിയെ കണ്ടു മടങ്ങുമ്പോൾ പുന്നാര അമ്മായി ഡൂഫിക്കുട്ടന് പുതുതായി ചുട്ട ഒരു റൊട്ടി പൊതിഞ്ഞു കൊടുത്തു. "ഇത് എങ്ങനെ വീടിലേക്കു കൊണ്ടുപോകാൻ കഴിയും?" ഡൂഫി കിണഞ്ഞ് ആലോചിച്ചു. ഒടുവിൽ കഴിഞ്ഞ തവണ അമ്മ സൂചിപ്പിച്ച കയറിന്റെ കാര്യം അവന് ഓർമ വന്നു. അവൻ ശ്രദ്ധാപൂർവ്വം ഒരു കയറിന്റെ അറ്റം റൊട്ടിയിൽ കെട്ടി റോഡിലൂടെ അത് വലിച്ചുകൊണ്ടുപോകാൻ തുടങ്ങി!

ഡൂഫി റൊട്ടി വലിച്ചിഴച്ച് കൊണ്ടുവരുന്നത് കണ്ടപ്പോൾ അമ്മ വീണ്ടും ഞെട്ടിപ്പോയി!. പക്ഷേ ഇത്തവണ അവർ ഡൂഫിയെ ശകാരിച്ചില്ല. പകരം, അവർ അവനോട് പറഞ്ഞു, "നിന്റെ അമ്മായി വളരെ സ്നേഹമുള്ള ആളാ! അത്കൊണ്ട് അവരെ ഇടക്കിടെ ബുദ്ധിമുട്ടിക്കുന്നത് മോശമല്ലേ ഡൂഫിക്കുട്ടാ?. ഇനി കുറച്ചു ദിവസത്തേക്ക് നീ അമ്മായിയുടെ വീട്ടിലേക്ക് പോകേണ്ട കെട്ടോ. അവധിക്കാലമാവട്ടെ. എന്നിട്ട് നമുക്ക് അമ്മായിയെ കാണാൻ പോകാം. പോകുമ്പോ അമ്മായിക്ക് ഇഷ്ടപ്പെട്ട കുറേ സമ്മാനങ്ങളും കൊണ്ടുപോകാം



അതിനുശേഷം കാര്യങ്ങൾ ശാന്തമായിരുന്നു. പക്ഷേ ഡൂഫിയെപ്പോലുള്ള ഒരു മകനുണ്ടെങ്കിൽ, ശാന്തത അധികകാലമൊന്നും നീണ്ടുനിൽക്കില്ല കെട്ടോ !

ഒരു ദിവസം, ഡൂഫിയുടെ അമ്മ അസുഖം ബാധിച്ചു കിടക്കുന്ന ഒരു സഹോദരിയെ സന്ദർശിക്കാൻ പുറപ്പെട്ടു. വീട്ടിൽ നിന്ന് ഇറങ്ങുമ്പോൾ അവർ ഡൂഫിയോട് പറഞ്ഞു, "ഡൂഫിമോനേ , ഞാൻ കുറച്ച് മുറുക്ക് വെയിലത്ത് ഉണക്കാൻ വെച്ചിട്ടുണ്ട്. മോൻ അതിലേ പോകുമ്പോ ദയവായി ശ്രദ്ധാപൂർവ്വം ചുവടു വക്കണം കെട്ടോ."

കുറച്ച് കഴിഞ്ഞ് ഡൂഫി ഉണക്കാൻ വച്ചിരിക്കുന്ന മുറുക്ക് നോക്കാൻ പോയി. അമ്മ പറഞ്ഞപോലെ "ശ്രദ്ധാപൂർവ്വം ചുവടു വച്ചു!" ഓരോ മുറുക്കിന്റെ മുകളിലും ശ്രദ്ധാപൂർവം അമർത്തി അമർത്തി അവൻ ചുവടു വച്ചു!

**ഒരു യൂറോപ്യൻ കഥയെ അടിസ്ഥാനമാക്കി**




**© Katha Jharna 2008**

P. Saraswati V. Vijayakanthi

L. S. Saraswathi S. Rajalakshmi

**Publisher** Rajalakshmi Srinivasan Memorial Foundation

**Malayalam** K. K. Krishnakumar

**Artist** Uma Krishnaswamy

# ടൂൺ ടൂണി



ടുൺടുണി എന്നു പേരുള്ള തുന്നാരൻ പക്ഷി രാജകീയ ഉദ്യാനത്തിൽ പഴങ്ങൾ കൊത്തി തിന്നുകയായിരുന്നു. പെട്ടെന്ന് ഒരു മുള്ള് അതിന്റെ തൊണ്ടയിൽ കുടുങ്ങി!

പക്ഷി വേദനസഹിക്കാതെ ഉറക്കെ കരഞ്ഞു കൊണ്ട് കൊട്ടാരത്തിലെ ക്ഷുരകന്റെ അടുത്തേക്ക് പറന്നു ചെന്ന് തൊണ്ടയിൽ കുരുങ്ങിയ മുള്ള് പറിച്ചെടുക്കാൻ അപേക്ഷിച്ചു.

"ഞാനേ രാജാവിന്റെ ക്ഷുരകനാണ്!" അയാൾ പറഞ്ഞു. "നിന്നെപ്പോലുള്ള കുഞ്ഞിപ്പക്ഷികളെ സഹായിക്കാനൊന്നും എനിക്ക് നേരമില്ല! നീ നിന്റെ പാട്ടിന് പൊയ്ക്കോ!" ക്ഷുരകൻ ടൂൺ ടൂണിയെ ആട്ടിയോടിച്ചു. അവൾ സങ്കടത്തോടെ രാജാവിന്റെ അടുത്തേക്ക് പറന്നു." രാജാവേ എനിക്ക് വേദന സഹിക്കാൻ വയ്യ!" അത് പറഞ്ഞു.

"ഞാൻ കരഞ്ഞു പറഞ്ഞിട്ടും അങ്ങയുടെ ക്ഷുരകൻ എന്നെ സഹായിച്ചില്ല! അങ്ങ് ദയവായി അവനെ ശിക്ഷിക്കണം!"

രാജാവ് ടുൺടുണിയെ പരിഹസിച്ചു കൊണ്ട് പൊട്ടിച്ചിരിച്ചു. ടുൺടുണി സങ്കടത്തോടെ എലിയുടെ അരികിലേക്ക് പറന്നുചെന്ന് മന്ത്രിച്ചു,

“എലിയണ്ണാ! ടുൺടൂണിക്ക് തൊണ്ടയിൽ വലിയ വേദനയുണ്ട്. ക്ഷുരകൻ എന്നെ സഹായിച്ചില്ല! രാജാവ് ക്ഷുരകനെ ശിക്ഷിച്ചില്ല! എലിയണ്ണൻ രാജാവ് ഉറങ്ങുമ്പോൾ അയാൾക്കിട്ട് നല്ലൊരു കടി കടിക്കണം”

എലി ടുൺടുണി പറഞ്ഞതൊന്നും കേട്ട ഭാവം പോലും നടിക്കാതെ ഓടിപ്പോയി മാളത്തിൽ ഒളിച്ചു. പിന്നീട് ടൂൺടൂണി പക്ഷി പൂച്ചയുടെ അടുത്തേക്ക് പറന്നു. എന്നിട്ട് കരഞ്ഞു കൊണ്ട് പറഞ്ഞു കരഞ്ഞു,

"പൂച്ച മാമാ! ടൂൺടൂണിക്ക് തൊണ്ടയിൽ സഹിക്കാന് വയ്യാത്ത വേദനയുണ്ട്.

പക്ഷേ ക്ഷുരകൻ എന്നെ സഹായിക്കില്ല!

രാജാവ് ക്ഷുരകനെ ശിക്ഷിക്കില്ല!

എലി രാജാവിനെ കടിക്കില്ല!

മാമൻ ആ കോലപ്പൻ എലിയെ കൊന്നു തിന്നണം !'





പൂച്ച പാതി മയക്കത്തിൽ മുരണ്ടു ," മ്യാവൂ!! ഇപ്പോ ഒന്നിനും പറ്റത്തില്ല! എനിക്ക് നല്ല ഉറക്കം വരുന്നു!"

ടൂൺടൂണി ഒരു വലിയ വടിയുടെ അരികിലേക്ക് പറന്നു ചെന്ന് പറഞ്ഞു,

“വടിച്ചാച്ചാ, വടിച്ചാച്ചാ! ടൂൺടൂണിക്ക് വേദന സഹിക്കാന് മേലാ

“ഞാൻ കരഞ്ഞു പറഞ്ഞിട്ടും ആ കള്ളൻ എലിയെ പിടിച്ചില്ല !ചാച്ചൻ പോയി ആ മടിയൻ പൂച്ചയെ അടിക്കൂ!”

പക്ഷേ വടി ദേഷ്യപ്പെട്ടുകൊണ്ടു പറഞ്ഞു ,"ഞാൻ എന്തിനാണ് പൂച്ചയെ അടിക്കേണ്ടത്?

പൂച്ച എന്നെ ഒരിക്കലും വേദനിപ്പിച്ചിട്ടില്ല!" .

പാവം ടൂൺടൂണി കുറേ കരഞ്ഞു! അപ്പോൾ അത് അപ്പുറത്ത് കത്തിക്കൊണ്ടിരിക്കുന്ന തീ കണ്ടു. ടൂൺടൂണി തീക്കു ചുറ്റും കറങ്ങി പറന്നു. എന്നിട്ട് തീയോട് കേണ് അപേക്ഷിച്ചു

“തീ മുത്തശ്ശാ! തീമുത്തശ്ശാ ടൂൺടൂണിക്ക് തീരെ വയ്യ. വേദന സഹിക്കാൻ പറ്റുന്നില്ല

ഞാൻ കെഞ്ചി പറഞ്ഞിട്ടും ആ വടി കള്ളപ്പൂച്ചയെ തല്ലിയില്ല

തീ മുത്തശ്ശൻ ഒന്നിനും കൊള്ളാത്ത ആ വടി കത്തിച്ചുകളയൂ!”

"അതേയ് ഞാൻ നേരം വെളുത്തപ്പോൾ മുതൽ ഇങ്ങനെ കത്തിക്കൊണ്ടിരിക്കുകയാണ്," തീ പറഞ്ഞു. "ഇപ്പോൾ എനിക്ക് നല്ല ക്ഷീണമുണ്ട്. നീ ക്ഷമിക്കണം!"

നിരാശയോടെ ടൂൺടൂണി അതിലേ ഒഴുകുന്ന നദിയുടെ അരികിലേക്ക് പറന്നു ചെന്നു, എന്നിട്ട് വിളിച്ചു പറഞ്ഞു,

“നദിയമ്മേ, നദിയമ്മേ! ടൂൺടൂണിക്ക് വയ്യ വയ്യ തൊണ്ട കീറി മുറിയുന്ന വേദന.

ഞാൻ കാലു പിടിച്ചു പറഞ്ഞിട്ടും തീ ആ വടിയെ കത്തിച്ചു കളഞ്ഞില്ല

നദിയമ്മ തീരം കവിഞ്ഞ് ഒഴുകിച്ചെന്ന്, ആ സ്വാർത്ഥനായ തീ കെടുത്തിക്കളയൂ”

പക്ഷേ നദി പാവം ടൂൺടൂണിയുടെ വാക്കുകൾ കേൾക്കാത്ത ഭാവത്തിൽ നിശബ്ദമായി ഒഴുകി.

അപ്പോൾ ടൂൺ ടൂണി ആ വഴിയേ പോയ ആനയുടെ അടുത്തേക്ക് പറന്നു ചെന്ന് അതിന്റെ ചെവിയിൽ മന്ത്രിച്ചു,

“ആന അപ്പൂപ്പാ ആന അപ്പൂപ്പാ! ടൂൺടൂണിക്കു വേദനിച്ചിട്ടു വയ്യേ

നദി ഞാൻ എത്ര പറഞ്ഞിട്ടും ആ തെമ്മാടി തീയിനെ കേടുത്തിയില്ല

ആനപ്പൂപ്പൻ ആ അഹങ്കാരി നദി കുടിച്ചു വറ്റിക്കൂന്നേ !’

ആന പറഞ്ഞു, "അയ്യയ്യോ! ഞാനോ? നദിയിലെ വെള്ളം മുഴുവൻ കുടിച്ചാൽ ഞാൻ പൊട്ടിത്തെറിക്കും!"

ടൂൺടൂണി അതുകേട്ട് തളർന്നു പോയി. അത് അൽപം വിശ്രമിക്കാനായി ഒരു മരക്കൊമ്പിൽ ചെന്നിരുന്നു.

ക്ഷീണം കൊണ്ട് അതിന്റെ കണ്ണുകൾ അടഞ്ഞു. പെട്ടെന്ന് "ശൂ ശൂ ഷഹ്" എന്ന് ഒരു കൊതുകിന്റെ മൂളക്കം കേട്ടു.

പെട്ടെന്ന് ടൂൺടൂണി ഞെട്ടി ഉണർന്നു എന്നിട്ട് ധൈര്യപൂർവം കൊതുകിനോട് പറഞ്ഞു:

“കൊതുകേ കൊതുകേ ടൂൺടൂണിക്ക് കഠിനമായ വേദനയുണ്ട്” .എന്നിട്ട് തന്റെ കഥ മുഴുവൻ ടൂൺടൂണി കൊതുകിനോട് പറഞ്ഞു

”ഞാൻ കരഞ്ഞു പറഞ്ഞിട്ടും ആ പൊണ്ണനാന നദി കുടിച്ചു വറ്റിച്ചില്ല!

നീ കൂട്ടുകാരോടൊപ്പം ചെന്ന് ആ പൊണ്ണൻ ആനയെ കടിച്ചു ശരിപ്പെടുത്തണം!”

"സന്തോഷം, അത് ഞാൻ ഏറ്റു ടൂൺടൂണി!" കൊതുക് ഉറക്കെ മൂളി

കൊതുകും അതിന്റെ കൂട്ടുകാരായ വലിയൊരു സംഘം കൊതുകുകളും ചേർന്ന് ആനയുടെ ശരീരം മുഴുവൻ കടിച്ചു. ആന ചൊറിയും വേദനയും മൂലം പരിഭ്രാന്തിയിലായി. അത് നദിയിൽ ചാടി ഒളിക്കാൻ വേണ്ടി ഓടി. പക്ഷേ കൊതുകുകൾ പിന്തുടർന്നു ഒടുവിൽ ആന ടൂൺടൂണിയോട് പറഞ്ഞു, "ഞാൻ നദി കുടിച്ചു വറ്റിക്കാം."

നദി കരകവിഞ്ഞൊഴുകി. അത് പറഞ്ഞു "ഞാൻ തീ കെടുത്തിക്കളയാം !"


തീ ആളിക്കത്തി.എന്നിട്ട് പറഞ്ഞു "ഞാൻ വടി കത്തിക്കും."


വടി പിന്നിലേക്ക് ചാടിക്കൊണ്ട് പറഞ്ഞു "ഞാൻ പൂച്ചയെ അടിക്കും."

പൂച്ച ഉണർന്നു. എന്നിട്ട് പറഞ്ഞു "ഞാൻ എലിയെ പിടിക്കും!"

എലി അലറി, "ഞാൻ രാജാവിനെ കടിക്കും!"

രാജാവ് പറഞ്ഞു, "ഞാൻ ക്ഷുരകനെ ശിക്ഷിക്കും!"





പേടിച്ചരണ്ട ക്ഷുരകൻ ടൂൺടൂണി പക്ഷിയുടെ തൊണ്ടയിലെ മുള്ള് വലിച്ചെടുത്തു. ടൂൺടൂണിക്ക് എന്തൊരാശ്വാസമായിക്കാണും അല്ലേ? സങ്കൽപ്പിച്ചു നോക്കൂ!

**പശ്ചിമ ബംഗാളിൽ നിന്നുള്ള**
**ഒരു നാടോടിക്കഥ**



P. Saraswati V. Vijayakanthi
L. S. Saraswathi S. Rajalakshmi

**Publisher** Rajalakshmi Srinivasan Memorial Foundation
**Malayalam** K. K. Krishnakumar
**Artist** Uma Krishnaswamy

# പുതിയ സുഹൃത്ത്





ഒരിക്കൽ ഒരു കൊടുംകാട്ടിൽ ഒരു അണ്ണാനും ഒരു മുയലും താമസിച്ചിരുന്നു. അവർ അടുത്ത കൂട്ടുകാരായിരുന്നു,

· അണ്ണാൻ വലിയ ജിജ്ഞാസുവായിരുന്നു, സൂര്യനു കീഴിലുള്ള എല്ലാ കാര്യങ്ങളെക്കുറിച്ചും മൂപ്പർക്ക് അറിയണം. മുയലാണെങ്കിൽ ഒരു ചോദ്യത്തിനും നേരിട്ട് ഉത്തരം പറയില്ല!. രണ്ടുപേർക്കും കുസൃതിച്ചോദ്യങ്ങളും കടങ്കഥകളും ഇഷ്ടമായിരുന്നു!

ഒരു ദിവസം രാവിലെ മുയൽ ഒറ്റക്ക് എങ്ങോട്ടോ നടന്നു പോകുന്നത് അണ്ണാൻ കണ്ടു. അത് മുയലിന് പുറകേ ഓടി.

അണ്ണാൻ: മുയൽച്ചങ്ങാതീ, നീ രാവിലെ എവിടെ പോകുന്നു?

മുയൽ: ഞാനേ എന്റെ പുതിയ കൂട്ടുകാരന്റെ കൂടെ കളിക്കാൻ പോകുവാ!







അണ്ണാൻ: അല്ലാ! ശരിക്കും ആരാ നിന്റെ പുതിയ സുഹൃത്ത്? പറ!

മുയൽ: നീ തന്നെ ഊഹിച്ചു പറയണം? ഞാൻ ഒരു സൂചന തരാം: നാല് കാലുകളുള്ള ഒരു ജീവിയാണ് .

അണ്ണാൻ: അതെന്ത് സൂചനയാണെടോ? നമുക്കെല്ലാവർക്കും നാല് കാലില്ലെ? ഉം .. ഞാൻ തന്നെ കണ്ടെത്തണം അല്ലേ? ശരി നോക്കാം .

മുയൽ: ശരി എങ്കിൽ പറയ്?

അണ്ണാൻ: ഉം... അതൊരു വലിയ മൃഗമാണോ?

മുയൽ: അതെ!

അണ്ണാൻ : അപ്പോൾ എനിക്ക് മനസ്സിലായി! നിന്റെ പുതിയ സുഹൃത്ത് ഒരു ആനയാണ്!

കാട്ടിലെ ഏറ്റവും വലിയ മൃഗമാണല്ലോ ആന!

മുയൽ: തെറ്റ്! തെറ്റ്! എന്റെ പുതിയ സുഹൃത്തിന് നീളമുള്ള തുമ്പിക്കൈ ഇല്ല.

അണ്ണാൻ: എങ്കിൽ പിന്നെ ഒരു കാണ്ടാമൃഗമായിരിക്കണം!

കാണ്ടാമൃഗത്തിന് തുമ്പിക്കൈ ഇല്ലല്ലോ

മുയൽ: അല്ലല്ല,! എന്റെ പുതിയ സുഹൃത്തിന് കൊമ്പില്ല.

മുയൽ വേഗം കൂട്ടി അണ്ണാൻ പിന്നാലെ ഓടിക്കൊണ്ടിരുന്നു..

അണ്ണാൻ: ഓഹോ എങ്കിൽ ഞാൻ പറയാം! നിന്റെ പുതിയ സുഹൃത്ത് ഒരു ഒട്ടകമാണ്!

ഒട്ടകത്തിന് നാല് കാലുകളുണ്ട്. എന്നാൽ തുമ്പിക്കൈയും ഇല്ല, കൊമ്പും ഇല്ല.





മുയൽ: പക്ഷേ എന്റെ പുതിയ സുഹൃത്തിന് മുത്തുകത്ത് പൂഞ്ഞ ഇല്ല.

മുയൽ കാട്ടു പാതയിലൂടെ വേഗത്തിൽ ഓടാൻ തുടങ്ങി. അണ്ണാൻ പുറകെ ഓടിക്കൊണ്ട് ചോദിച്ചു

അണ്ണാൻ: വേറെ ആരാണ്? ഹോ.. അപ്പോ ഒരു സീബ്ര ആയിരിക്കണം!


മുയൽ: ഹോ, ഹോ, നോ! എന്റെ സുഹൃത്തിന് ശരീരത്തിൽ വരകളില്ല! എന്നിട്ട് മുയൽ തുടർന്നു

അണ്ണാനെ എന്നെ ഇപ്പോൾ പോകാൻ അനുവദിക്കൂ, നേരം വൈകുന്നു. പക്ഷേ അണ്ണൻ വിട്ടു കൊടുത്തില്ല

അണ്ണാൻ: നിൽക്കു നിൽക്കു അൽപം കൂടി ക്ഷമിക്കൂ! നിന്റെ സുഹൃത്ത് ഒരു കരടിയാണെന്നാണ് ഞാൻ കരുതുന്നത്!

മുയൽ: തെറ്റ് .. തെറ്റ് എന്റെ സുഹൃത്തിന് കരടിയെപ്പോലെ കട്ടിയുള്ള രോമമില്ല!

അണ്ണാൻ: അങ്ങനെയാണോ? ശരി, അപ്പോൾ, നിന്റെ സുഹൃത്തിന് ശരീരത്തിൽ പുള്ളികളുണ്ടോ?





മുയൽ: ഓ, അത് ശരി.  ഉണ്ട് ! ഉണ്ട്! ശരീരത്തിൽ പുള്ളികൾ ഉണ്ട്!

അണ്ണാൻ: അപ്പോൾ നിന്റെ  സുഹൃത്ത് ഒരു ചീറ്റയാണ്! അതെ!

മുയൽ: നിനക്ക് ഭ്രാന്താണോ? ചീറ്റയോ!   ചീറ്റ എന്നെ തിന്നു കളയില്ലേ ചങ്ങാതി? ! മാത്രവുമല്ല , എന്റെ സുഹൃത്തിന്  ചീറ്റയെപ്പോലെ മൂർച്ചയുള്ള കാൽനഖമില്ല.   .

അണ്ണാൻ: ശരി ശരി ഇപ്പോൾ സംഗതി വ്യക്തമാണ്! നിന്റെ  സുഹൃത്ത് ഒരു മാൻ ആണ്.

മുയൽ: വീണ്ടും തെറ്റി! ഞാൻ ഒരു ക്ളു കൂടി തരാം  എന്റെ പുതിയ സുഹൃത്തിന് വളരെ നീണ്ട കഴുത്തുണ്ട്  !

അണ്ണാൻ: ആ.. ശരി ശരി ,ഞാൻ ഊഹിച്ചു: നിന്റെ സുഹൃത്ത് ഒരു ജിറാഫാണ്! ശരിയല്ലേ?

മുയൽ: അതെ,  ഇത്തവണ പറഞ്ഞത് ശരി!

ഏതായാലും

നീ എന്നോടൊപ്പം പോരൂ .

എന്റെ പുതിയ സുഹൃത്ത്

ജിറാഫ് നമ്മളെ കാട്ടിലൂടെ

ഒരു സവാരിക്ക്

കൊണ്ടുപോകും!



Publisher Rajalakshmi Srinivasan Memorial Foundation

P. Saraswati V. Vijayakanthi

Malayalam K. K. Krishnakumar

L. S. Saraswathi S. Rajalakshmi

Artist Uma Krishnaswamy